**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 545 | 04/07/2019-ൽ മറുപടിയ്ക്ക്

## പ്രീ-സ്കൂൾ വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) സർക്കാർ, സർക്കാർ അംഗീകൃത വിദ്യാലയങ്ങളോട് ചേർന്നും അല്ലാതെയും പ്രീ-സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ശാരീരികവും ബൗദ്ധികവുമായ വികാസ ത്തിന്റെ കാലഘട്ടമാണ് പ്രീ-സ്കൂൾ കാലഘട്ടം. അതിനാവശ്യമായ സമഗ്ര മായ അനുഭവ പ്രവർത്തനങ്ങളാണ് പ്രീ-സ്കൂളുകളിൽ നടക്കുന്നത്. അതിന് അനുയോജ്യമായ പാഠ്യപദ്ധതി പ്രീ-സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. അദ്ധ്യാപക സഹായിയായ 'കളിപ്പാട്ടം' എന്ന പുസ്തകവും പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന കാർഡുകളായ 'കളിത്തോണി'യും പ്രാഥമിക വിദ്യാഭ്യാസത്തിന് ഉതകുന്ന രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട വേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നു. പ്രീ-സ്കൂൾ അദ്ധ്യാപക സഹായി 'കളിപ്പാട്ടം', പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള പ്രവർത്തന കാർഡുകൾ 'കളിത്തോണി' എന്നിവയെ അടിസ്ഥാനമാക്കി സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്ക് 'പ്രശിക്ഷ' എന്ന പേരിൽ പരിശീലനം നൽകുന്നു. സർക്കാർ നേരിട്ട് നടത്തുന്ന 54 സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ശമ്പള സ്കെയിൽ |

അനുസരിച്ചും പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 2182 സ്കൂളുകളിലെ അധ്യാപകർക്ക് 10,000/- രൂപ വിതവും ആയമാർക്ക് 6,000/- രൂപ വീതവും പ്രതിമാസ ഓണറേറിയമായി നൽകി വരുന്നു.

| | |
|---|---|
| (സി) പ്രീ-സ്കൂൾ രംഗത്തുള്ള സ്വകാര്യ മേഖലയുടെ ചൂഷണം ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) പ്രീ-സ്കൂൾ മേഖലയിലെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും സ്വകാര്യമേഖലയുടെ ചൂഷണം ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. പ്രീ-സ്കൂൾ നയരേഖ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. |

Namitha J

സെക്ഷൻ ഓഫീസർ